സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

**ROC No. 529/16/Est-I** **21/07/2016**

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർ കൃത്യസമയത്ത് ആഫീസിൽ ഹാജരാകാത്തതും മൂവ്മെന്റ് രജിസ്റ്റർ പാലിക്കാത്തതും സംബന്ധിച്ച്.

സൂചന :- ബഹു: ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ 11-07-2016 ലെ 26 -ാം നമ്പർ നോട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആഫീസുകളിലേയും ദേവസ്വങ്ങളിലേയും പല ഉദ്യോഗസ്ഥരും കൃത്യസമയത്ത് ആഫീസിൽ/ദേവസ്വത്തിൽ ഹാജരാകാതെ നിയമലംഘനം നടത്തുകയും മേലുദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതായും ആഫീസുകളിൽ/ദേവസ്വങ്ങളിൽ മൂവ്മെന്റ് രജിസ്റ്റർ പരിപാലിക്കാതിരിക്കുകയും ചെയ്യുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആഫീസുകളിലേയും ദേവസ്വങ്ങളിലേയും ഉദ്യോഗസ്ഥർ ആഫീസുകളിൽ കൃത്യസമയത്ത് ഹാജരാകുന്നുണ്ടെന്ന് ആഫീസ് മേധാവികൾ ഉറപ്പുവരുത്തിയിരിക്കേണ്ടതാണെന്നും ആഫീസുകളിൽ/ദേവസ്വങ്ങളിൽ മൂവ്മെന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിരിക്കേണ്ടതാണെന്നും വീഴ്ചക്കാരുടെ പേരിൽ മേലധികാരികൾ യഥാസമയം നടപടി സ്വീകരിക്കേണ്ടതാണെന്നും ഈ ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണെന്നും നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. പെഴ്സണൽ സെക്രട്ടറി, ബഹു: പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. പെഴ്സണൽ സെക്രട്ടറി, ബഹു: മെമ്പർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
4. ഇ.ഡി.പി. സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫെയർ ആഫീസ് കോപ്പി.

SK